# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 573      10.03.2015-ലെ മറുപടിയ്ക്ക്

## സ്വർണ്ണത്തിന്റെ വില്പന നികുതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ചന്ദ്രൻ | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി) |
| (എ) സ്വർണ്ണ വില്പന നികുതി വരവിൽ ഈ സാമ്പത്തിക വർഷം കുറവു വന്നിട്ടുണ്ടോ; | (എ) സ്വർണ്ണ വില്പന നികുതി വരവിൽ ഈ സമ്പത്തിക വർഷം 31.01.2015 വരെയുള്ള കണക്കനുസരിച്ച് 9.76 കോടി രൂപയുടെ കുറവു വന്നിട്ടുണ്ട്. |
| (ബി) പ്രസ്തുത മേഖലയിൽ വ്യാപകമായ നികുതി വെട്ടിപ്പു നടക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br>(സി) ഇതു സംബന്ധിച്ച് നികുതി വകുപ്പ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;<br>(ഡി) എങ്കിൽ എത്ര കോടി രൂപയുടെ നികുതി വെട്ടിപ്പാണ് കണ്ടെത്തുവാൻ സാധിച്ചിട്ടുള്ളത്;<br>(ഇ) ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (ബി) (സി) (ഡി) & (ഇ) സ്വർണ്ണത്തിന്റെ പ്രത്യേക സ്വഭാവം പരിഗണിച്ച് സ്യൂട്ട്കേസ്, മടിശ്ശീല വ്യാപാരം എന്നിവ സാദ്ധ്യമാണെന്നതിനാൽ നികുതി വെട്ടിപ്പ് സാദ്ധ്യത വളരെ കൂടുതലാണ്. പ്രധാന വ്യാപാരികളെല്ലാം കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി അടയ്ക്കുന്നതിനാൽ നികുതി വെട്ടിപ്പ് വ്യാപകമാണെന്ന് പറയാൻ സാദ്ധ്യമല്ല. എന്നാൽ ധാരാളം സ്വർണ്ണ കള്ളക്കടത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും ട്രെയിൻ, വിമാനം എന്നീ മാർഗ്ഗങ്ങളിലൂടെ ബാഗുകളിലും മറ്റുമായി വ്യാപാര സ്ഥാപനങ്ങളിൽ എത്തിച്ച് കൊടുക്കുന്ന പ്രവണത വ്യാപകമാണ്. അത്തരം ധാരാളം കേസുകൾ കണ്ടെത്തി സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടുണ്ട്. ഇത്തരം അനധികൃത സ്വർണ്ണ വ്യാപാരം പരമാവധി ഇല്ലാതാക്കുന്നതിനായി ഇൻറലിജൻസ് വിഭാഗം പരമാവധി ശ്രമിക്കുന്നുണ്ട്.<br>സ്വർണ്ണ വ്യാപാര സ്ഥാപനങ്ങൾ ഹാൾ മാർക്കിംഗ് യൂണിറ്റ് എന്നിവ കേന്ദ്രീകരിച്ച് സൂക്ഷ്മ നിരീക്ഷണം നടത്തി കള്ളക്കടത്തു സ്വർണ്ണം പിടിച്ചെടുക്കുന്നുണ്ട്. ഈ വർഷം നടത്തിയ പരിശോധനയുടെ വിവരങ്ങൾ ശേഖരിച്ച് സമർപ്പിക്കുന്നതാണ്. മേല്പറഞ്ഞ പരിശോധനകൾ പരമാവധി വർദ്ധിപ്പിച്ച് സ്വർണ്ണാഭരണ കള്ളക്കടത്തും നികുതി വെട്ടിപ്പും തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ